മിസ്റ്റർ ബി. വി. കെ. മേനോൻ: വേണ്ടവരോടൊക്കെ ചോദിച്ചിട്ടാണ് അന്വേഷണം നടത്തിയിട്ടുള്ളതായി അറിയുന്നു.

മിസ്റ്റർ ജോസ് കെ. വട്ടിസ്സ്: ഈ ചാക്കും സഞ്ചിയും ഒക്കെ പേറിക്കൊണ്ട് നടന്നിരുന്ന ഒരാളെയാണൊ മാന്യനായ ഒരാളെന്ന് പറഞ്ഞതു?

മിസ്റ്റർ കെ. എസ്സ്. പണിക്കർ: ആരുടെ കണ്ണെയിൻറ് പ്രകാരമാണ് ഈ അന്വേഷണത്തിന്നിടയായതു?

മിസ്റ്റർ ബി. വി. കെ. മേനോൻ: മാതൃഭൂമിയിൽ കണ്ടതാണ്; അപരിചിതനായതിനാൽ മാന്യനായ അദ്ദേഹത്തെ പോലീസ് സ്റ്റേഷനിൽ കൊണ്ടുവന്ന് ചോദിച്ചു എന്നും മറ്റും അല്ലാതെ ഗവമ്മെണ്ടിന്നു നേരിട്ടു റിപ്പോർട്ട് ഒന്നുമില്ല. ഗവമ്മെണ്ടു് അതിന്മേൽ ആക്ഷൻ എടുത്തിട്ടുണ്ടു്. അന്വേഷണത്തിൽ ആ റിപ്പോർട്ട് തെറ്റാണെന്നറിയുകയും ചെയ്തു.

മിസ്റ്റർ കെ. എസ്സ്. പണിക്കർ: ഇങ്ങിനെ വാസ്തവവിരുദ്ധമായ് റിപ്പോർട്ടകം എഴുതിയച്ചതിനു് ആ ലേഖകന്റെ പേരിൽ നടപടികം എടുത്തു ശിക്ഷിച്ചിട്ടുണ്ടോ?

മിസ്റ്റർ ബി. വി. കെ. മേനോൻ: ഇല്ല.

മിസ്റ്റർ പുത്തൂർ അച്യുതമേനോൻ: ആ അന്വേഷണ ഫലത്തെക്കുറിച്ചു വല്ല പ്രസ്സ് നോട്ടം ഗവമ്മെണ്ടു് പ്രസിദ്ധീകരിച്ചിട്ടുണ്ടോ?

മിസ്റ്റർ ബി. വി. കെ. മേനോൻ: ഇല്ല.

മിസ്റ്റർ പി. ടി. ജേക്കബ്: എന്താണ് അങ്ങിനെ ചെയ്യാതിരുന്നതു?

മിസ്റ്റർ ബി. വി. കെ. മേനോൻ: അതു ആവശ്യമാണെന്നു് ഗവമ്മെണ്ടിന്നു തോന്നിയില്ല.

മിസ്റ്റർ പുത്തൂർ അച്യുതമേനോൻ: ഏതൊരപരിചിതൻ വന്നാലും അവരെയൊക്കെ തല്ലുമോ?

മിസ്റ്റർ ബി. വി. കെ. മേനോൻ. തല്ലുകയല്ല; അപരിചിതന്മാരായ ആളുകൾ അന്യനാട്ടിൽനിന്നും വന്നാൽ, അവർ ആരാണു്, എന്തിനാണ് വന്നതു് എന്നൊക്കെ അന്വേഷിക്കുകയെന്നുള്ളതു് സാധാരണയായി പോലീസ്സുകാരുടെ ചുമതലയിൽപ്പെട്ടതാണ്.

മിസ്റ്റർ കെ. എസ്സ്. പണിക്കർ: ഇങ്ങിനെയുള്ള ആളുകൾ അന്യനാട്ടിൽനിന്നു് ഇവിടെ വന്ന കഴപ്പം ഉണ്ടാക്കിക്കൊണ്ടിരിക്കുന്നുണ്ടെന്നു് മനസ്സിലാക്കിട്ടുള്ളതുകൊണ്ടല്ലെ ഇങ്ങിനെയുള്ള അന്വേഷണങ്ങൾക്കു് ഇടവന്നിട്ടുള്ളതു്.

മിസ്റ്റർ ബി. വി. കെ. മേനോൻ: അതെ, അതാദ്യം പറഞ്ഞുകഴിഞ്ഞു.

ENQUIRIES BY THE COMMISSIONER OF POLICE PERSONALLY

103. Mr. P. Kumaran Ezhuthassan *(Vadakkancheri):* Will Government be pleased to state.—

(*a*) with reference to Question No. 443 of the Legislative Session of 1120, in cases where ".Express Reports" are received whether the Commissioner of Police is not bound to make enquiries himself;

(*b*) what is the reason for the Commissioner not enquiring into the 38 cases in which "Express Reports" were received as stated in answer (*b*) to the above question?

Mr. B. V. K. Menon *(Joint Secretary to Government):*

(*a*) The Commissioner of Police is to make personal enquiries in such cases only in case he considers it necessary to do so.

(*b*) He did not consider personal enquiry essential in these cases.

Mr. P. Kumaran Ezhuthassan *(Vadakkancheri):* May I know whether the provision is not to the effect that when express reports are received the Commissioner of Police should personally enquire about it?

Mr. B. V. K. Menon *(Joint Secretary to Government):* No, Sir.

POLICE CONSTABLES IN CUSBA STATIONS—TRANSFER TO OUT-POSTS

104. മിസ്റ്റർ കെ. എ. രാഘവൻ: താഴെ പറയുന്ന ചോദ്യങ്ങൾക്കു ബഹുമാനപ്പെട്ട ഗവമ്മെണ്ടിൽനിന്നും സദയം മറുപടി നൽകുമോ.—

(എ) സംസ്ഥാനത്തുള്ള കസ്ബാ പോലീസ് സ്റ്റേഷനിലെ കാൺസ്റ്റബിൾമാരെ ആറു മാസത്തേക്കു ഔട്ട് പോസ്റ്റുകളിലയക്കുന്ന പതിവ് ഗവമ്മെണ്ടു് അംഗീകരിച്ചിട്ടുള്ള ഒരു നടപടിയാണോ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) അങ്ങിനെയുണ്ടെങ്കിൽ ഏതൊന്നിനെ അടിസ്ഥാനമാക്കിയാണ് ഈ നടപടി സ്വീകാര്യമായി കരുതുന്നത്;

(സി) ഉണ്ടെങ്കിൽ ആറുമാസമെന്നുള്ളതു് ചുരുങ്ങിയതു് ഒന്നരകൊല്ലമായി മാറ്റുന്നതിനു് വിരോധമുണ്ടോ?

മിസ്റ്റർ ബി. വി. കെ. മേനോൻ: (എ) അതെ.

(ബി) പോലീസ് മാന്വൽ ഫ ഫ-ാംവകുപ്പനുസരിച്ചു്.

(സി) ആറുമാസം എന്ന രൂപം ഒന്നരകൊല്ലം എന്ന മാറ്റുന്നതുകൊണ്ടു് പ്രത്യേക ഗുണമൊന്നും ഇല്ലെന്നതന്നെയല്ല മൂന്നുകൊല്ലത്തിലധികം ഒരു സ്റ്റേഷനിൽ പണിയെടുക്കുവാൻ പാടില്ലെന്നുള്ള ആശാസ്യകരമായ നിശ്ചയം നിലനിത്തികൊണ്ടുപോകുവാൻ സാധ്യമല്ലാതെയും വരും. അതിനാൽ ഈ മാറ്റം ആവശ്യമില്ല.

മിസ്റ്റർ കെ. എ. രാഘവൻ: കുടുംബസഹിതം താമസിക്കുന്ന ഒരാൾ ആറുമാസംകൊണ്ടു് മാറിപ്പോകേണ്ടതായി വരുന്നതു് ബുദ്ധിമുട്ടല്ലേ?

മിസ്റ്റർ ബി. വി. കെ. മേനോൻ: ആ പോകുന്ന ആളുകൾക്കു കുറച്ചു ബുദ്ധിമുട്ടുണ്ടാകാം. എന്നാൽ ആ പോകുന്ന ആളുടെ ബുദ്ധിമുട്ട മാത്രം നോക്കിയാൽ പോര, പൊതുജനങ്ങളുടെ ഗുണമാണു് നോക്കുന്നതു്.

മിസ്റ്റർ പി. കെ. ഡീവർ: കസ്ബാ സ്റ്റേഷനുകളിൽ പണി എടുക്കുന്നവർ ആറുമാസം കൂടുമ്പോൾ ഔട്ട്പോസ്റ്റിലേക്കു മാറണം എന്നു് വ്യവസ്ഥ ചെയ്യാൻ പ്രത്യേക കാരണമുണ്ടോ?

മിസ്റ്റർ ബി. വി. കെ. മേനോൻ: മൂന്നു കൊല്ലത്തിലധികം ഒരാളെ ഒരു മദർ സ്റ്റേഷനിൽ വെയ്ക്കുവാൻ പാടില്ലാത്ത സ്ഥിതിക്കു് ആറു മാസത്തിൽ ഒരിക്കൽ ഔട്ടുപോസ്റ്റിലേക്കു് മാറ്റിയില്ലെങ്കിൽ, എല്ലാവക്കും ഔട്ടുപോസ്റ്റിൽ പോകുവാൻ സാധിക്കുകയില്ല. ഔട്ടുപോസ്റ്റിൽ മദർ സ്റ്റേഷനിലേക്കാൾ ജോലികുറവാണു്. അതുകൊണ്ടു് ഔട്ടുപോസ്റ്റ്തന്നെ കുറെക്കാലം കിട്ടിയാൽ കൊള്ളാമെന്നു് എല്ലാവക്കും ആഗ്രഹമുണ്ടായിരിക്കും. അതു സാദ്ധ്യമല്ല.

മിസ്റ്റർ പി. കെ. ഡീവർ: മദർ സ്റ്റേഷനിൽനിന്നു് മൂന്നു കൊല്ലം കഴിഞ്ഞാൽ എല്ലാവരേയും മാറ്റുമോ?

മിസ്റ്റർ ബി. വി. കെ. മേനോൻ: സാധാരണ അങ്ങിനെയാണു്.

മിസ്റ്റർ ജോസ് കെ. വർഗ്ഗീസ്: മൂന്നു കൊല്ലത്തിലധികം പണി എടുത്തിട്ടുള്ള വല്ല കാൺസ്റ്റബിൾമാരും വല്ല കസ്ബാസ്റ്റേഷനുകളിലുമുണ്ടാകുമോ?

മിസ്റ്റർ ബി. വി. കെ. മേനോൻ: അതറിഞ്ഞുകൂടാ. മൂന്നു കൊല്ലത്തിൽ കൂടുതൽ പാടില്ലെന്നാണു് നിശ്ചയം.

മിസ്റ്റർ ജോസ് കെ. വർഗ്ഗീസ്: അങ്ങിനെ ആരെങ്കിലും ഇപ്പോൾ ഉണ്ടോ?

മിസ്റ്റർ ബി. വി. കെ. മേനോൻ: അറിഞ്ഞുകൂടാ.

മിസ്റ്റർ പി. എ. മുഹമ്മദു് അഷ്റഫ്: അങ്ങിനെയുള്ള പോലീസ് മാന്വലിലെ രൂപം അമൻറ് ചെയ്യുകടെ?

മിസ്റ്റർ ബി. വി. കെ. മേനോൻ: തീച്ചയായും ചെയ്യാം, അതാണു് ഈ ആശാസ്യകരമെന്നൊക്കെ പറയുന്നതു്.

മിസ്റ്റർ പി. എ. മുഹമ്മദ് അഷ്റഫ്: മൂന്നിൽ കൂടുതൽ ഔട്ടുപോസ്റ്റുകളും ഉള്ള സ്റ്റേഷനുണ്ടോ?

മിസ്റ്റർ ബി. വി. കെ. മേനോൻ: ഓരോ സ്റ്റേഷനിലും എത്ര ഔട്ട്പോസ്റ്റ് വീതമുണ്ടെന്നു് കൃത്യമായിട്ടു പറയാൻ നോട്ടീസ്സു വേണം.

മിസ്റ്റർ കെ. എസ്സ്. പണിക്കർ: മൂന്നു കൊല്ലത്തിൽ കൂടുതൽ ഒരു സ്ഥലത്തു ജോലി എടുത്തിട്ടുള്ള ഡിവിഷ്യൻ ഇൻസ്പെക്ടർമാർ ഉണ്ടോ?

മിസ്റ്റർ ബി. വി. കെ. മേനോൻ: ഉണ്ടായിരിക്കാൻ വഴിയില്ല. സൂക്ഷ്മമായി പറയാൻ നോട്ടീസ്സു വേണം.

LIBRARY ARCHIVES Kerala Legislative Assembly